ഭാരതത്തിലെ നൂറ് നഗരങ്ങളെ സ്മാർട്ട് സിറ്റികളായി വികസിപ്പിക്കുന്ന സ്മാർട്ട്സിറ്റി മിഷൻ എന്ന പദ്ധതിക്ക് 2015 ജൂൺ 25-ാം തീയതി ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഔദ്യോഗികമായി തുടക്കം കുറിച്ചിരിക്കുന്നു. നഗരജനസംഖ്യയുടെയും നിലവിലുള്ള നഗരങ്ങളുടെ എണ്ണത്തിന്റെയും അടിസ്ഥാനത്തിൽ കേരളത്തിലെ ഒരു നഗരത്തെയാണ് സ്മാർട്ട് സിറ്റി മിഷൻ പദ്ധതിയിൻകീഴിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) സ്മാർട്ട് സിറ്റി മിഷൻ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്താൻ യോഗ്യതയുള്ള പട്ടണങ്ങളുടെ ഒരു കരട്ലിസ്റ്റ് തയ്യാറാക്കുന്നതിന് കേന്ദ്ര നഗരകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച സാദ്ധ്യതാ പഠനങ്ങളൊന്നും നിലവിൽ നടത്തിയിട്ടില്ല.

(സി) പദ്ധതിയിൽ സംസ്ഥാനത്തെ ഇതിനകം ഉൾപ്പെടുത്തിയിട്ടുണ്ട്.

## അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

**111 (4146)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം മാവേലിക്കര നഗരസഭയിൽ എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇതിൽ എത്ര കുടുംബങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം തൊഴിൽ നൽകിയെന്ന് വ്യക്തമാക്കുമോ ;

(ഡി) അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) 2012-13, 2013-14, 2014-15 വർഷങ്ങളിൽ പ്രസ്തുത പദ്ധതി മുഖേന നൽകിയ തൊഴിലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) മാവേലിക്കര നഗരസഭയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം 1058 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തവരിൽ 13 പുരുഷൻമാരും 599 സ്ത്രീകളും ആണ്. ഇതിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിലുള്ള 285 പേരും ജനറൽ വിഭാഗത്തിൽ 202 പേരും മറ്റു വിഭാഗത്തിൽപ്പെടുന്ന 125 പേരും ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മാവേലിക്കര നഗരസഭയിൽ 511 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ നടത്തിപ്പ് മേഖലാ ജോയിന്റ് ഡയറക്ടർമാർ മുഖേന എല്ലാ മാസവും വിലയിരുത്തുന്നുണ്ട്. സംസ്ഥാനതലത്തിലും വിലയിരുത്താറുണ്ട്.

(ഇ) പദ്ധതി പ്രകാരം 2012-13-ൽ 3285 തൊഴിൽ ദിനങ്ങളും 2013-14 വർഷത്തിൽ 4020 തൊഴിൽ ദിനങ്ങളും 2014-15 വർഷത്തിൽ 1667 തൊഴിൽ ദിനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

**മുനിസിപ്പൽ കോർപ്പറേഷനുകളുടെ പ്രവർത്തനം**

**112 (4147)** ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പൽ കോർപ്പറേഷനുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഓരോ കോർപ്പറേഷനിലും എത്ര സ്ഥിരം-താൽക്കാലിക ജീവനക്കാർ ഉണ്ടെന്ന് അറിയിക്കുമോ ;

(സി) കോർപ്പറേഷൻ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) എത്ര കോർപ്പറേഷനുകളിൽ ഐ.എ.എസ്. ഉദ്യോഗസ്ഥർ സെക്രട്ടറിമാരായി ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കുമോ ;

(ഇ) എല്ലാ കോർപ്പറേഷനുകളിലും ഐ.എ.എസ്. ഉദ്യോഗസ്ഥരെ സെക്രട്ടറിമാരായി നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) മുനിസിപ്പൽ കോർപ്പറേഷനുകളുടെ പ്രവർത്തനം നഗരകാര്യ വകുപ്പിലെ മേഖലാ ജോയിന്റ് ഡയറക്ടറുടെ പ്രതിമാസ അവലോകന മീറ്റിംഗുകളിലും സംസ്ഥാന തലത്തിൽ നടക്കുന്ന യോഗങ്ങളിലും വിലയിരുത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly